SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# ഓപ്പൺ ബുക്ക് പരീക്ഷ

## എം .എ സെക്കൻഡ് സെമസ്റ്റർ എക്സാമിനേഷൻ -ഡിസംബർ 2024

**M21UC01AC – FOUNDATIONAL SKILLS FOR RESEARCH AND WRITING**

# പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ബിരുദാനന്തര ബിരുദം (2023 ജൂലൈ അഡ്മിഷൻ) പഠിതാക്കളുടെ "Foundational Skills for Research and Writing" (Course Code: M21UC01AC) എന്ന കോഴ്സിന്റെ പരീക്ഷ 02/02/2025 തീയതിയിൽ നോട്ടിഫൈ ചെയ്തിട്ടുള്ള പരീക്ഷ കേന്ദ്രങ്ങളിൽ "Open Book" രീതിയിലാണ് നടത്തപ്പെടുന്നത്.
2. പ്രസ്തുത തീയതിയിൽ 10 AM മുതൽ 1:15 PM വരെ, പഠിതാക്കളുടെ അതാത് പരീക്ഷ കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു.
3. റഫറൻസിനായി 15 മിനിറ്റ് അധിക സമയം ഉൾപ്പടെ ഓപ്പൺ ബുക്ക് പരീക്ഷയ്ക്ക് ആകെ 3 മണിക്കൂർ 15 മിനിറ്റ് സമയം ആയിരിക്കും അനുവദിക്കുന്നത്.
4. "Restricted" രീതിയിലുള്ള ഈ ഓപ്പൺ ബുക്ക് പരീക്ഷയിൽ പഠിതാക്കൾക്ക് സർവകലാശാല നൽകിയിട്ടുള്ള പ്രസ്തുത കോഴ്സിന്റെ സെൽഫ് ലേർണിംഗ് മെറ്റീരിയൽ മാത്രം പരീക്ഷ ഹാളിൽ കൊണ്ടുപോകാവുന്നതും, റഫറൻസിനായി ഉപയോഗിക്കാവുന്നതുമാണ്.
5. പ്രസ്തുത കോഴ്സിന്റെ ഓപ്പൺ ബുക്ക് രീതിയിലുള്ള മോഡൽ ചോദ്യ പേപ്പറും സർവകലാശാല ആദ്യമായി നടത്തിയ ഓപ്പൺ ബുക്ക് പരീക്ഷയുടെ ചോദ്യപേപ്പറും സർവകലാശാല വെബ് സൈറ്റിലും (www.sgou.ac.in), LSC കളിലും ലഭ്യമാണ് .ഈ ചോദ്യ പേപ്പറുകളുടെ ഫോർമാറ്റിലായിരിക്കും പരീക്ഷ നടത്തപെടുന്നത്.
6. **റഫറൻസിനായി സെൽഫ് ലേർണിംഗ് മെറ്റീരിയൽ പരീക്ഷ ദിവസം കൊണ്ടുവരേണ്ടത് പഠിതാക്കളുടെ ഉത്തരവാദിത്തമാണ് .ഇവ പരീക്ഷ കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യുന്നതല്ല. ഇങ്ങനെ കൊണ്ടുപോകുന്ന സെൽഫ് ലേർണിംഗ് മെറ്റീരിയൽ പരീക്ഷയ്ക്ക് മുൻപായി ഇൻവിജിലേറ്ററുടെ പരിശോധനയ്ക്ക് വിധേയമായിരിക്കും.**
7. സർവകലാശാല നിർദേശിട്ടില്ലാത്ത പുസ്തകങ്ങൾ കൊണ്ടുവരാനോ ഉപയോഗിക്കുവാനോ പാടില്ല. മറ്റ് പുസ്തകങ്ങളോ പേപ്പറുകളോ കുറിപ്പുകളോ പരീക്ഷാ ഹാളിൽ കൊണ്ടുവരുന്നതിന് പരീക്ഷാർത്ഥികൾക്ക് അനുവാദമില്ല.
8. പഠിതാക്കൾ പരീക്ഷ ഹാളിൽ കൊണ്ടുപോകുന്ന സെൽഫ് ലേർണിംഗ് മെറ്റീരിയലിൽ മറ്റു കുറിപ്പുകൾ വെയ്ക്കുകയോ, യാതൊന്നും തന്നെ ഒട്ടിച്ചു ചേർക്കുകയോ, എഴുതി ചേർക്കുകയോ,തുന്നി ചേർക്കുകയോ

ചെയ്യാൻ പാടുള്ളതല്ല. അത്തരം നടപടികൾ ശ്രദ്ധയിൽപെട്ടാൽ ആ പഠിതാക്കകൾക്ക് എതിരെ സർവകലാശാല നിയമം അനുസരിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

9. മൊബൈൽ ഫോണുകൾ, സ്മാർട്ട് വാച്ചുകൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ, ഒന്നും തന്നെ പരീക്ഷാഹാളിൽ അനുവദനീയമല്ല.
10. ഓപ്പൺ ബുക്ക് പരീക്ഷയിൽ പുസ്തകങ്ങളുടെ ശരിയായ ഉപയോഗം നിർണായകമായതിനാൽ സെൽഫ് ലേർണിംഗ് മെറ്റീരിയൽ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുക.
11. ഉത്തരങ്ങൾ ചോദ്യപേപ്പറിൽ ആവശ്യപ്പെട്ട പ്രകാരം സമഗ്രമായി വ്യക്തതയോടെ എഴുതുക. അനാവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താതിരിക്കുക.
12. പുസ്തകത്തിൽ നിന്ന് നേരിട്ടുള്ള ഉദ്ധരണികൾ ഉപയോഗിക്കുമ്പോൾ, അവയുടെ ഉറവിടം വ്യക്തമാക്കുക.
13. പരീക്ഷ ഹാളിൽ മറ്റു പഠിതാക്കളുമായി ആശയവിനിമയം നടത്താനോ സെൽഫ് ലേർണിംഗ് മെറ്റീരിയൽ, മറ്റു സാധനങ്ങളോ ഉപകരണങ്ങളോ കൈമാറ്റം ചെയ്യുവാനും പാടില്ല. പരീക്ഷാ ഹാളിൽ കർശനമായ നിശബ്ദത പാലിക്കണം.
14. എന്തെങ്കിലും സംശയമോ സഹായമോ ആവശ്യമെങ്കിൽ ഇൻവിജിലേറ്ററുടെ സഹായം തേടാവുന്നതാണ്.
15. മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾക്കുപരി സർവകലാശാലയുടെ നിലവിലുള്ള പരീക്ഷകളുടെ മറ്റ് നിർദ്ദേശങ്ങൾ ഈ പരീക്ഷയ്ക്കും ബാധകമാണ്.
16. പഠിതാക്കൾക്ക് ഓപ്പൺ ബുക്ക് പരീക്ഷയെ സംബന്ധിച്ചുള്ള വിവരങ്ങളോ സംശയങ്ങളോ അറിയാനായി പ്രവർത്തി ദിവസങ്ങളിൽ (10AM–5PM) 9188920013, 9188920014 എന്നി നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ഡോ. ഗ്രേഷ്യസ് ജെ.**
**പരീക്ഷാ കൺട്രോളർ**